13

# നീതിമാന്മാർക്കുള്ള പ്രതിഫലം

*"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്ന് സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശക്കായി അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്ക് വേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും, ക്ഷയം, മാലിന്യം, കോട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിച്ചിരിക്കുന്നു" (1 പത്രൊസ് 1:3, 4).*

യേശു നൽകിയിരിക്കുന്ന ആവേശകരമായ ഒരു വാഗ്ദാനമാണ്, "സ്വർഗത്തിൽ നിങ്ങൾക്കുള്ള പ്രതിഫലം വലുതാകുന്നു" എന്നത് (മത്തായി 5:12; ലൂക്കൊസ് 6:23). ഈ മഹത്തായ ജീവിതത്തിന് ശേഷം, ക്രിസ്ത്യാനികളായ നമുക്ക് ഒരു പ്രത്യാശയുണ്ട് (എഫെസ്യർ 4:4), അതാണ്, ക്രിസ്ത്യാനികളാകുന്നതു വിലയുള്ളതും അനുഗ്രഹിക്കത്തക്കതുമാക്കുന്നത്. മറ്റാർക്കും സ്വർഗത്തെക്കുറിച്ച് ഇത്രയധികം പാട്ടുകളോ, ഭാവിഭവനത്തെ കുറിച്ച് അടിക്കടി പാടുന്നതായിട്ടോ ഇല്ല. ഉപദ്രവങ്ങളും പരീക്ഷണങ്ങളും മറ്റുള്ളവരെ ദുഃഖിപ്പിക്കയും നിരാശപ്പെടുത്തുകയും ചെയ്യുമ്പോൾ നമ്മെ സന്തോഷിപ്പിക്കുന്നത് സ്വർഗീയ പ്രതീക്ഷയാണ് (1 തെസലൊനിക്യർ 4:13).

"മരണശേഷം പ്രതിഫലമൊന്നുമില്ലെങ്കിലും, ഇവിടെയുള്ള ജീവിതത്തിന് ക്രിസ്തീയ ജീവിതം ഏറ്റവും ഉത്തമമായതാണ്" എന്ന് ആരോ പറയുകയുണ്ടായി. ഇതിനോട് യോജിച്ച് പൗലൊസ് എഴുതി, "ശരീരാഭ്യാസം അല്പപ്രയോജനമുള്ളതത്രേ, ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റേയും വരുവാനിരിക്കുന്നതിന്റേയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിനും പ്രയോജനമുള്ളതാകുന്നു" (1 തിമൊഥെയൊസ് 4:8). യേശു അതു തന്നെയാണ് പഠിപ്പിച്ചത്: "അവർക്ക് ജീവനുണ്ടാകുവാനും, സമൃദ്ധിയായുണ്ടാകുവാനത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). പ്രശ്നരഹിതമായ ഒന്നല്ല സമൃദ്ധമായ ജീവൻ. പൗലൊസ് എഴുതി, "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയൊസ് 3:12). പൗലൊസ് തനിക്ക് നേരിട്ട ഉപദ്രവം സഹിച്ചതുകൊണ്ടു പറഞ്ഞു, "നാം ഈ ആയുസിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ" (1 കൊരിന്ത്യർ 15:19). ക്രിസ്തുവിനുവേണ്ടി അവൻ സഹിച്ച പ്രയാസത്തെ കുറിച്ചു പൗലൊസ് പറയുന്നു, "ഞാൻ എഫെസൊസിൽ വെച്ച് മൃഗയുദ്ധം ചെയ്തത് മാനുഷം എന്നുവരികിൽ എനിക്ക് എന്ത് പ്രയോജനം? മരിച്ചവർ ഉയർക്കുന്നില്ലെങ്കിൽ, നാം തിന്നുക, കുടിക്കുക നാളെ ചാകുമല്ലൊ" (1 കൊരിന്ത്യർ 15:32; യെശയ്യാവ് 22:13 നോക്കുക).

ഈ ജീവിതത്തേക്കാൾ അധികം നോക്കിക്കാണുവാൻ പുതിയനിയമം

നമ്മെ പഠിപ്പിക്കുന്നുണ്ട്. സ്വർഗം രക്ഷിക്കപ്പെട്ടവരുടെ നിത്യഭവനം എന്ന രീതിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും, തിരുവെഴുത്തിൽ അത് വിശദമായിട്ടോ അല്ലെങ്കിൽ അടിക്കടിയായിട്ടോ പറഞ്ഞിട്ടില്ല, പക്ഷെ സ്വർഗീയാനുഗ്രഹങ്ങൾ പലപ്പോഴായി പറഞ്ഞിട്ടുണ്ട്.

സ്വർഗീയഭവനം എന്ന പ്രത്യാശ ക്രിസ്ത്യാനിയെ സന്തോഷിപ്പിക്കുന്നു (റോമർ 12:12). പഴയനിയമത്തിൽ നൽകിയ വാഗ്ദാനങ്ങളേക്കാൾ ശ്രേഷ്ഠമായ വാഗ്ദാനമാണിത് (എബ്രായർ 8:6; 10:34). ദൈവം അവരോട് ചെയ്ത ഉടമ്പടി അവർ പാലിച്ചാൽ ദൈവം അവർക്ക് കനാൻ ദേശവും, സമൃദ്ധിയും, ദീർഘായുസും ആണ് വാഗ്ദാനം ചെയ്തിരുന്നത് (ആവർത്തനപുസ്തകം 4:13; 5:33). ഭൂമിയിലെ പുരാതനമായ ഒരു സ്ഥലം നമുക്ക് പുനരേകീകരിച്ചു നൽകുമെന്നാണ് പുതിയനിയമത്തിൽ ദൈവം നമ്മോട് പറയുന്നതെങ്കിൽ, അത് പഴയനിയമകാലത്ത് യിസ്രായേലിനു ദൈവം ഒരു ദേശം വാഗ്ദാനം ചെയ്തതിനേക്കാൾ ഒട്ടും ശ്രേഷ്ഠമാകുമായിരുന്നില്ല (ആവർത്തനപുസ്തകം 28:1–14). എങ്ങനെയായാലും, നമ്മുടെ പ്രത്യാശയും, സ്വർഗത്തിലുള്ള എന്നേക്കുമുള്ള സ്ഥാനവും ആണ് (1 പത്രൊസ് 1:3, 4) അല്ലാതെ ഭൂമിയിലെ ഒരു ചെറിയ ദേശമോ, സമൃദ്ധിയോ, ദീർഘായുസോ അല്ല.

## സ്വർഗം എങ്ങനെയിരിക്കും?

ബൈബിളിൽ പറഞ്ഞിരിക്കുന്ന സ്വർഗം മനസിലാക്കുവാൻ, നാം മുൻപ് ഒരു പാഠത്തിൽ പഠിച്ചതുപോലെ, "സ്വർഗം" എന്നതിന് മൂന്നു മണ്ഡലങ്ങൾ ഉള്ളതായി നാം തിരിച്ചറിയണം (2 കൊരിന്ത്യർ 12:2–4): (1) മേഘങ്ങളുള്ള ആകാശം (ആവർത്തനപുസ്തകം 11:11), പക്ഷികൾ പറക്കുന്നതും അവിടെയാണ് (സങ്കീർത്തനങ്ങൾ 79:2), (2) പ്രപഞ്ചം മുഴുവൻ സ്ഥിരനക്ഷത്രങ്ങളും താരവ്യൂഹങ്ങളും നിറഞ്ഞിരിക്കുന്നു (ഉൽപത്തി 1:14–18; ആവർത്തനപുസ്തകം 1:10), (3) ഭൂമിയിൽനിന്നു വീണ്ടെടുക്കപ്പെടുന്നവർ എന്നേക്കും വസിക്കുന്ന ദൈവത്തിന്റെ വാസസ്ഥാനം (1 പത്രൊസ് 1:3, 4). അവസാനത്തെ ആ വാക്യമാണ് ഈ പാഠത്തിന്റെ ലക്ഷ്യം.

"*സ്വർഗരാജ്യം*" എന്ന പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നത് (1) *ദൈവത്തിന്റെ നിത്യരാജ്യമായിട്ട്* (മത്തായി 13:43), (2) *രക്ഷിക്കപ്പെട്ടവർക്കായി ഒരുക്കിയിരിക്കുന്ന രാജ്യം* (മത്തായി 25:34). (3) *ആസന്നമായിരിക്കുന്നു എന്ന് ക്രിസ്തു പ്രസംഗിച്ചതും മറ്റുള്ളവരെ പ്രസംഗിക്കുവാൻ അവൻ അയച്ചതുമായ രാജ്യമാണ് അത്.* രാജ്യത്തെ "സ്വർഗരാജ്യം" (മത്തായി 4:17); "ദൈവരാജ്യം" (മർക്കൊസ് 1:15), "എന്റെ രാജ്യം" (ലൂക്കൊസ് 22:30), തന്റെ പ്രിയപുത്രന്റെ രാജ്യം" (കൊലൊസ്യർ 1:13) എന്നെല്ലാം പറഞ്ഞിട്ടുണ്ട്. ആ വാക്കുകളെയെല്ലാം ഒരു ചരടുകൊണ്ട് കോർത്ത് യോജിപ്പിച്ച്, ഓരോന്നും സ്വർഗീയ വാഴ്ച്ചയെ സൂചിപ്പിക്കുന്നു, അതായിരുന്നു അവൻ ആസന്നമായിരിക്കുന്നു എന്നു പ്രസംഗിച്ചത് (മത്തായി 4:17), അത് അവന്റെ ആരോഹണത്തെ തുടർന്ന് ആരംഭിച്ചു (എഫെസ്യർ 1:19–23), അവൻ വീണ്ടും വരുന്നതുവരെ തുടരുകയും ചെയ്യും (1 കൊരിന്ത്യർ 15:24). രക്ഷിക്കപ്പെടുന്നവർ അവരുടെ നിത്യ പ്രതിഫലത്തിനായി രാജ്യത്തിലേക്കു പ്രവേശിക്കുമെന്നതിനാണ് ഈ പാഠത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത് (മത്തായി 25:34). ഓരോ വേദഭാഗത്തിലും പറഞ്ഞിരിക്കുന്ന വാക്കുകൾ എന്തർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത് എന്ന് സന്ദർഭം മാത്രമെ വ്യക്തമാക്കുകയുള്ളു.

സ്വർഗം ഭൗതികമോ, പ്രത്യക്ഷമോ അല്ലാത്തതിനാൽ, അതു മനസിലാക്കുവാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകളെല്ലാം യഥാർത്ഥത്തിലുള്ള ആത്മിയ മേഖലയുടെ സൂചനകൾ മാത്രമാണെന്ന് നാം തിരിച്ചറിയണം. "കാണുന്നതിനെയല്ല, കാണാത്തതിനെയത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം" (2 കൊരിന്ത്യർ 4:18). സ്വർഗത്തെ ദൈവം ഭൗതിക വാക്കുകളാൽ വിവരിച്ചിരിക്കുന്നുവെങ്കിലും, സ്വർഗത്തെ നാം ഭൗതികമായി കാണരുത്.

ഭൂമിയെ ആത്മിയ വാസത്തിനു പറ്റുന്ന രീതിയിലേക്ക് മാറ്റുകയില്ല. അങ്ങനെയായിരുന്നുവെങ്കിൽ, "ഇതാ, ഞാൻ സകലവും പുതുതാക്കുന്നു" എന്ന് സിംഹാസനത്തിലിരിക്കുന്നവൻ, പറഞ്ഞത് നാം ഗൗരവമായി എടുക്കേണ്ട ആവശ്യം വരുന്നില്ല (വെളിപ്പാട് 21:5). അല്ലെങ്കിൽ, "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി ..." എന്ന പ്രസ്താവന അക്ഷരികമായി എടുക്കുവാനും കഴിയുകയില്ല (വെളിപ്പാട് 21:1).

ഭൂമിയിൽ വെച്ച് ഏറ്റവും വിലകൂടിയ വസ്തുക്കളോട് സാമ്യപ്പെടുത്തിയാണ് പുതിയ യെരുശലേം നിർമ്മിക്കുന്നതിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് (വെളിപ്പാട് 21:11–21). അത്തരം വിവരണം, മനുഷ്യർക്ക് ഊഹിക്കാവുന്നതിലുമപ്പുറമായ അത്ഭുതമാണ്. മർത്യരായ നമുക്ക് ദൈവം നൽകിയ ചിത്രം അതാണ്. അവന്റെ രാജ്യത്തിൽ നാം തേജസ്ക്കരിക്കപ്പെടുമ്പോൾ നാമെല്ലാം അമ്പരന്നുപോകും (1 തെസലൊനിക്യർ 2:12; എബ്രായർ 2:10), അതിന്റെ പ്രതാപവും തേജസും ലഭിച്ച് (റോമർ 8:18), തേജസിന്ന് കൂട്ടാളികളുമാകുന്നു (1 പത്രൊസ് 5:1). "അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടും" (2 തെസലൊനിക്യർ 1:10). അതു കടന്നുപോകുന്ന ഒരു മേഖല അല്ലാത്തതിനാൽ നാം സന്തോഷിക്കും, നമുക്ക് സ്വർഗീയ പൗരത്വവും നൽകും, "നൊടിനേരത്തേക്കുള്ള ഞങ്ങളുടെ കഷ്ടം ഞങ്ങൾക്ക് തേജസിന്റെ നിത്യഘനം ലഭിപ്പാൻ ഹേതുവാകുന്നു" (2 കൊരിന്ത്യർ 4:17). ഭൂമിയുമായി താരതമ്യം ചെയ്താൽ, അത് "നിലനിൽക്കുന്ന ഉത്തമസമ്പത്താണ്" (എബ്രായർ 10:34). "അധികം നല്ലത്, സ്വർഗീയമായത്" (എബ്രായർ 11:16).

സ്വർഗം എപ്പോഴും ഒരേപോലെ ഇരിക്കുന്നതും എന്നേക്കുമുള്ളതും ആണെന്നതാണ് നല്ല വിശേഷം. അത് മാറിപോകുന്ന ഈ ഭൂമി പോലെ ആകയില്ല. നമ്മുടെ പ്രത്യാശ "സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും, വാട്ടം, മാലിന്യം ഒന്നും ഏല്ക്കാത്തതുമായ ഒരു അവകാശമാണ്" (1 പത്രൊസ് 1:4). സ്വർഗം "കള്ളന്മാർ തുരന്നു മോഷ്ടിക്കാത്ത സ്ഥലമാണ്" (മത്തായി 6:20; ലൂക്കൊസ് 12:33). സ്വർഗത്തിൽ പ്രവേശിക്കുന്ന ഓരോരുത്തർക്കും ഓരോ പുതിയ ശരീരവും "കൈപ്പണിയല്ലാത്ത നിത്യഭവനമായ കെട്ടിടവും സ്വർഗത്തിലുണ്ട്" (2 കൊരിന്ത്യർ 5:1).

സ്വർഗത്തിലെ ഏറ്റവും അത്ഭുതകരമായ അവസ്ഥയാണ് നമുക്ക് ദൈവത്തോടും, യേശുക്രിസ്തുവിനോടും, പരിശുദ്ധാത്മാവിനോടും കൂടെയുള്ള എന്നേക്കുമുള്ള വാസം (വെളിപ്പാട് 21:3), കൂടാതെ ജീവിച്ചിരിക്കുമ്പോൾ രക്ഷിക്കപ്പെട്ട വിശുദ്ധന്മാരുമായുള്ള സഹവാസവും എന്നേക്കും ലഭിക്കും. ഭൂമിയിൽ ലഭിക്കുന്ന ഒരു കൂട്ടായ്മയോടും താരതമ്മ്യം ചെയ്യാവുന്നതല്ല സ്വർഗത്തിൽ നമുക്ക് ലഭിക്കുന്ന എന്നേക്കുമുള്ള കൂട്ടായ്മ.

സ്വർഗീയതേജസും, നമുക്ക് ലഭിക്കുവാൻ പോകുന്ന കൂട്ടായ്മയും ഒരു

നിമിഷം നമുക്ക് ഒന്ന് ഉറ്റുനോക്കുവാൻ കഴിഞ്ഞാൽ, നമുക്ക് അവിടെ പോകുവാനുള്ള ആവേശം വർദ്ധിക്കുകയും, ഓരോ ഉണർച്ചയിലും നാം അതിനായി നോക്കി, അതിനായി പദ്ധതി തയ്യാറാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കും. പൗലൊസ് എഴുതി, "നമ്മിൽ വെളിപ്പെടുവാനുള്ള തേജസ് വിചാരിച്ചാൽ, ഇ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു" (റോമർ 8:18).

## സ്വർഗത്തിൽ എന്തായിരിക്കും ഉണ്ടാകുക?

സ്വർഗം എന്തെന്ന് മനസിലാക്കുവാൻ നമുക്ക് അലങ്കാരങ്ങൾ നൽകിയിരിക്കുന്നു. നമുക്ക് ഇവിടെ വേണ്ട കാര്യങ്ങളൊന്നും നമുക്ക് സ്വർഗത്തിൽ വേണ്ട, ഉദാഹരണത്തിന്, സൂര്യനോ, ചന്ദ്രനോ, വിളക്കോ അവിടെ ആവശ്യമില്ല, കാരണം കുഞ്ഞാടാണ് അവിടെ വെളിച്ചം (വെളിപ്പാട് 21:23, 25; 22:5). സ്വർഗത്തിൽ മന്ദിരം ആവശ്യം ഇല്ല. സർവ്വശക്തനായ ദൈവവും കുഞ്ഞാടും അവിടെ മന്ദിരമാകുന്നു (വെളിപ്പാട് 21:22).

ഭൗതികമായ ആഹാരം അവിടെ ആവശ്യമില്ല, കാരണം അവിടെ ജീവൻ നിലനിർത്തുന്നത് ജീവജലനദിയിലെ ജലവും ജീവവൃക്ഷത്തിന്റെ ഫലവുമാണ് (വെളിപ്പാട് 22:1, 2). നാം പിന്നീട് ഒരിക്കലും ദൈവത്തിൽനിന്നകന്നിരിക്കുകയില്ല, കാരണം "മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും, അവർ അവന്റെ ജനമായിരിക്കും" (വെളിപ്പാട് 21:3). ദൈവത്തിന്റേയും കുഞ്ഞാടിന്റേയും സാന്നിദ്ധ്യം ഉള്ളതിനാൽ അവിടെ ഒരു ശാപവുമുണ്ടാകയില്ല (വെളിപ്പാട് 22:3). നമ്മുടെ പുതിയ വാസസ്ഥലത്ത് നീതി മാത്രം ഉണ്ടായിരിക്കും (2 പത്രൊസ് 3:13).

## നാം എങ്ങനെ ആയിത്തീരും?

നമ്മുടെ ഭൗതികശരീരങ്ങൾ ആത്മിയമായി രൂപാന്തരം പ്രാപിക്കും (1 കൊരിന്ത്യർ 15:44, 51–54). നാം പ്രവേശിക്കുന്ന ആത്മിയ പ്രതലത്തിന് ഭൗതികമായത് ഒന്നും യോജിക്കുന്നതല്ല, കാരണം "മാംസരക്തങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കുവാൻ സാധ്യമല്ല" (1 കൊരിന്ത്യർ 15:50). അവൻ ആത്മാവാകയാൽ, ആത്മിയ മേഖല അവനെ സംബന്ധിച്ച് സ്വാഭാവികമാണ് (യോഹന്നാൻ 4:24), ആത്മാക്കളായതുകൊണ്ട്, ദൂതന്മാർക്കും അതുപോലെയാണ് (എബ്രായർ 1:14). ആ പ്രതലത്തിൽ ശരീരം എങ്ങനെ ഇരിക്കും എന്ന് നമുക്ക് അറിയില്ല, എന്നാൽ നമുക്ക് ഉറപ്പുള്ളത് "അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവൻ ആയിരിക്കുന്നതുപോലെ അവനെ കാണുകയും, അതുപോലെ ആകുകയും ചെയ്യും" (1 യോഹന്നാൻ 3:2). ഭൗതികമായ ഒന്നിനും ദൈവത്തെ കാണുവാൻ സാധ്യമല്ലാത്തതുകൊണ്ട്, അവനെ കാണുവാൻ നാം സ്വർഗത്തിൽ ചെല്ലണം (1 തിമൊഥെയൊസ് 6:16). യേശു "നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമാക്കും" (ഫിലിപ്പിയർ 3:20, 21; ആർഎസ്‌വി). അതു സംഭവിക്കുമ്പോൾ "നാം അവന്റെ മുഖം കാണും" (വെളിപ്പാട് 22:4), നമുക്ക് ഭൗതികമായി ജീവിച്ചിരുന്ന് അവന്റെ മുഖം കാൺമാൻ സാധ്യമല്ല (പുറപ്പാട് 33:20).

നമുക്ക് മാറ്റം സംഭവിക്കുമ്പോൾ, നമുക്ക് സ്വർഗീയമായവയുടെ തേജസ് ലഭിക്കും. നാം ക്രിസ്തുവിനോടുകൂടെ "തേജസ്ക്കരിക്കപ്പെടും" (റോമർ 8:17). അപ്പോൾ നമുക്ക് തേജസും, മാനവും, സമാധാനവും ലഭിക്കും (റോമർ

2:7, 10). നമ്മുടെ പുതിയ അവസ്ഥയിൽ നാം പിതാവിന്റെ “രാജ്യത്തിൽ സൂര്യനെപോലെ പ്രകാശിക്കും” (മത്തായി 13:43). “നാം മണ്ണുകൊണ്ടുള്ള വന്റെ പ്രതിമ ധരിച്ചതുപോലെ, സ്വർഗീയന്റെ പ്രതിമയും ധരിക്കും” (1 കൊരിന്ത്യർ 15:49).

പിന്നിട് മരിക്കുവാൻ സാധിക്കാത്ത “നിത്യജീവനോടുകൂടെ” എന്നേക്കുമുള്ളവരായി നാം മാറും (ലൂക്കൊസ് 20:36; വെളിപ്പാട് 21:4). “നിത്യജീവൻ” എന്നാൽ ഇവിടെ കൈവരിക്കുന്ന[1] യേശുവിൽ വിശ്വസിച്ച് അവനെ സേവിക്കുന്ന ജീവിതദൈർഘ്യത്തിന്റേയും ജീവിതശുദ്ധിയുടേയും അവസാനം കൈവശമാക്കുന്ന ജീവിതം ആണ്.[2]

നീതികെട്ടവരായി മരിച്ചവർ തുടർന്നും ജീവിക്കും. എങ്ങനെയായാലും, അവരുടെ എന്നേക്കുമുള്ള നിലനിൽപ് “നിത്യജീവനായി” കണക്കാക്കരുത്; മറിച്ച്, അതിനെ “നിത്യമരണം” ആയി കാണണം, അത് തീപൊയ്കയിലുള്ള, രണ്ടാം മരണമാണ് (വെളിപ്പാട് 20:14).

### നാം എന്തു ചെയ്തുകൊണ്ടിരിക്കും?

ഒരുപക്ഷെ നല്ല ഉദ്ദേശം കൊണ്ടായിരിക്കാം, നാം സ്വർഗത്തിൽ എന്തു ചെയ്തുകൊണ്ടിരിക്കും എന്ന് ദൈവം നമ്മോട് വിശദമായി പറഞ്ഞിട്ടില്ല. നാം ഭൗമികരായതുകൊണ്ട്, ആത്മികരായവർ അവിടെ ചെയ്യുന്ന കാര്യങ്ങളെ ഓർത്ത് ആവേശം കൊള്ളുവാൻ നമുക്ക് കഴിഞ്ഞെന്നുവരികയില്ല. ഞാൻ ബാലനായിരുന്നപ്പോൾ, മുതിർന്നവരുടെ പ്രവൃത്തികൾ മടുപ്പുളവാക്കിയിരുന്നതുകൊണ്ട്, മുതിർന്നവനാകുവാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. നമ്മുടെ സന്തോഷം സാധാരണ ഭൗതികവസ്തുക്കളിലായതുകൊണ്ട്, സ്വർഗത്തിലെ ആത്മിയ പ്രവൃത്തികളിൽ ആവേശം കൊള്ളുവാൻ നമുക്ക് കഴിഞ്ഞെന്നു വരികയില്ല.

സ്വർഗത്തിൽ, സന്തോഷം ഉള്ളതായി മാത്രമെ നമുക്ക് അറിയാവു, കാരണം ദൈവം “നമ്മുടെ കണ്ണിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും, ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും, കഷ്ടവും മുറവിളിയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി” (വെളിപ്പാട് 21:4). ഈ ജീവിതത്തിലെ ഭൗതികമായ വശങ്ങളാണ് നമ്മെ ദുഃഖിപ്പിക്കുന്നതും ശപിക്കപ്പെട്ടതാക്കുന്നതും, അതു ഇനി ഉണ്ടാകയില്ല (വെളിപ്പാട് 22:3). രക്ഷിക്കപ്പെട്ടവർ തങ്ങളുടെ യജമാനന്റെ “സന്തോഷത്തിലേക്ക്” പ്രവേശിക്കും (മത്തായി 25:21, 23). ഈ ജീവിതത്തിലെ പ്രയത്നങ്ങളിൽനിന്ന് ഒരു വിശ്രമമായിരിക്കും അവിടെ ലഭിക്കുക (വെളിപ്പാട് 14:13; എബ്രായർ 4:8–11).

നിത്യത മുഴുവൻ നാം സന്തോഷിക്കും, കാരണം നാം അവിടെ പിതാവിനോടും (വെളിപ്പാട് 21:3), യേശുവിനോടും (യോഹന്നാൻ 12:26[3]), ദൂതന്മാരോടുംകൂടെ (ലൂക്കൊസ് 9:26), രക്ഷിക്കപ്പെട്ട മറ്റുവിശുദ്ധന്മാരോടുംകൂടെ ആയിരിക്കും (മത്തായി 13:43). നാം സന്തോഷത്തോടെ യേശുവിനെ ശുശ്രൂഷിച്ചു (വെളിപ്പാട് 22:3) എന്നേക്കും അവനോടുകൂടെ വാഴും (2 തിമൊഥെയൊസ് 2:12; വെളിപ്പാട് 22:5), അവൻ വിശുദ്ധന്മാരിൽ മഹത്വപ്പെടും (2 തെസലൊനികൃർ 1:10), അതിനർത്ഥം രക്ഷിക്കപ്പെട്ടവരാൽ. യേശുവിന് എല്ലാ മാനവും മഹത്വവും ലഭിക്കും എന്നാണ് (ഫിലിപ്പിയർ 2:10, 11). സ്നേഹം, സന്തോഷം, കൂട്ടായ്മ എന്നിവയുള്ള ഒരു മനോഹരസ്ഥലമാണ് സ്വർഗം.

## ആരാണ് സ്വർഗത്തിൽ പോകുക?

യേശു പറഞ്ഞു, "കർത്താവേ കർത്താവേ എന്നു വിളിക്കുന്ന ഏവനു മല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗത്തിൽ പ്രവേശിക്കുന്നത് ..." (മത്തായി 7:21). യേശു "തന്നെ അനുസരിക്കുന്നവർക്ക് നിത്യരക്ഷയുടെ കാരണഭൂതനായിതീർന്നു" (എബ്രായർ 5:9). "നല്ല പ്രവൃത്തിക്കു വേണ്ടുന്ന സ്ഥിരത പൂണ്ട് തേജസും മാനവും അക്ഷയതയും അന്വേഷിക്കുന്ന ഏവർക്കും" (റോമർ 2:7), "നന്മ പ്രവർത്തിക്കുന്ന ഏവർക്കും ഉള്ളതാണ്" (റോമർ 2:10).

സ്വർഗീയ മഹിമകൾ നൽകുന്നതു യോഗ്യതയുടെ അടിസ്ഥാനത്തില ല്ല, മറിച്ച് കൃപയുടെ അടിസ്ഥാനത്തിലാണ് (2 തെസലൊനിക്യർ 2:16). നമ്മുടെ സൽപ്രവൃത്തികളാൽ നേടിയെടുക്കാവുന്നതല്ല (എഫെസ്യർ 2:8, 9; തിത്തൊസ് 3:5) "ഞങ്ങൾ ചെയ്യേണ്ടതു മാത്രമെ ചെയ്തിട്ടുള്ളു" എന്ന് മാത്രമെ നമുക്ക് പറയുവാൻ കഴിയു (ലൂക്കൊസ് 17:10).

സ്വർഗം നമുക്ക് ഒരവകാശമായിട്ടാണ് നൽകുന്നത്.[4] ഒരവകാശം നേടിയെടുക്കാവുന്നതല്ല; അത് ഒരു ദാനമാണ്. അവകാശമുള്ളവർ ദൈവത്തിന്റെ മക്കളാണ് (റോമർ 8:16, 17; ഗലാത്യർ 3:6, 7, 29), നാം വെള്ളത്താലും ആത്മാവിനാലും ജനിച്ചതുകൊണ്ട് (യോഹന്നാൻ 3:5), നാം ദൈവത്തിൽനിന്ന് ജനിച്ചവരാണ് (യോഹന്നാൻ 1:12, 13). ഈ വിധത്തിൽ നാം, വിശ്വാസത്താലും അനുസരണത്താലും ദൈവമക്കളും സ്വർഗീയമായ അവകാശികളുമാകുന്നു (ഗലാത്യർ 3:26, 27).

സ്വർഗത്തിൽ പോകാത്തവർ ദൈവത്തോട് മൽസരിച്ച് അധാർമ്മിക ജീവിതം നയിച്ചവരാണ് (1 കൊരിന്ത്യർ 6:9, 10; ഗലാത്യർ 5:19–21). അവർ യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടാഞ്ഞതുകൊണ്ട്, അവർ മലിനപ്പെട്ടുതന്നെ ഇരിക്കുന്നതിനാൽ, അവർക്ക് സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല (വെളിപ്പാട് 21:27; 2 പത്രൊസ് 3:13). യേശുവിന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ടവരാണ് സ്വർഗത്തിൽ പ്രവേശിക്കുന്നത് (എഫെസ്യർ 5:25–27; കൊലൊസ്യർ 1:19–22).

## എല്ലാവർക്കും പ്രതിഫലം ഒരേപോലെ ആകുമോ?

ദൈവം തന്റെ മക്കൾക്ക് വിവിധ തോതിലായിരിക്കും പ്രതിഫലം നൽകുന്നത് എന്നാണ് ചിലർ കരുതുന്നത്. മൂന്ന് വ്യത്യസ്ത കിരീടങ്ങളെ കുറിച്ച് പറയുന്നതിന്റെ അടിസ്ഥാനത്തിലാകാം ആ നിഗമനം: "നീതിയുടെ" കിരീടം (2 തിമൊഥെയൊസ് 4:8) "തേജസിന്റെ കിരീടം" (1 പത്രൊസ് 5:4), "ജീവന്റെ" കിരീടം (വെളിപ്പാട് 2:10; യാക്കൊബ് 1:12). ഇവ പ്രതിഫലത്തിന്റെ തോത് ആയിരിക്കയില്ല, മറിച്ച് നീതിമാന്മാർക്കുള്ള അനുഗ്രഹവിവരണങ്ങളാണ്.

എല്ലാവർക്കും ഒരേ പ്രതിഫലം ലഭിക്കുമെന്ന് പറയുന്നതായിരിക്കും സുരക്ഷിതത്വം. ഒന്നാം നാഴിക മുതൽ ഒരു ദിവസം മുഴുവനും ജോലിക്കാർ പല സമയത്തും ജോലി ചെയ്തിട്ട് അവസാനം കൂലി കൊടുത്തപ്പോൾ എല്ലാവർക്കും ഒരേപോലെ കൊടുത്തതായി ഒരു ഉപമയിൽ യേശു പറയുകയുണ്ടായി (മത്തായി 20:2–15). എല്ലാം വിട്ടുകളഞ്ഞവർക്കും നിത്യജീവൻ ലഭിക്കും എന്നും കർത്താവ് പഠിപ്പിച്ചിട്ടുണ്ട് (ലൂക്കൊസ് 18:30), എന്നാൽ വലിയ പ്രതിഫലങ്ങളെ കുറിച്ചൊന്നും അവൻ പറഞ്ഞില്ല. മറ്റുള്ളവരേക്കാൾ

ചിലർക്ക് കൂടതുൽ പ്രതിഫലം കൊടുത്താലും അത് ദൈവമുൻപാകെ നീതിയായിരിക്കും; എങ്ങനെയായാലും, ആർക്കും സ്വർഗം യോഗ്യമാക്കുവാൻ സാധ്യമല്ല. ആ ഉപമയിൽ സൂചിപ്പിച്ചതുപോലെ എല്ലാവർക്കും ദൈവം ഒരേ പ്രതിഫലമാണുകൊടുക്കുന്നതെങ്കിലും (മത്തായി 20:2-15), അപ്പോഴും അവന്റെ കൃപ എല്ലാവർക്കുമുള്ളതായിരിക്കും.

### നാം ഓരോരുത്തരേയും തിരിച്ചറിയുമോ?

നാം ഓരോരുത്തരേയും തിരിച്ചറിയുകയാണെങ്കിൽ, നമ്മുടെ വേണ്ടപ്പെട്ടവർക്ക് അവിടെ എത്താൻ കഴിയാത്തതുകൊണ്ട്, സ്വർഗത്തിൽ ദുഃഖമുണ്ടാകുകയില്ലേ എന്ന് ചിലർ വാദിച്ചിട്ടുണ്ട്. അത് ഒരു പ്രശ്നമാകാം; പക്ഷെ, സ്വർഗത്തിൽ പോകുന്ന നമുക്ക് ദൈവം നീതിമാനാണെന്നു, മനസിലാക്കുവാൻ കഴിയും. അക്കാരണത്താൽ, അവൻ എന്തു വിധി നടത്തിയാലും നാം തൃപ്തിപ്പെടും.

നമ്മുടെ ശരീരങ്ങൾ ഭൗതികത്തിൽനിന്നും ആത്മിയമാകുന്നതുകൊണ്ട് ഓരോരുത്തരെ തിരിച്ചറിയുവാൻ കഴിയുകയില്ല എന്ന് ചിലർ കരുതുന്നു. എന്നാൽ ശരീരം വിട്ടുപോയ ലാസർ അബ്രഹാമിന്റെ മടിയിൽ കിടക്കുന്നതായി ധനവാൻ തിരിച്ചറിഞ്ഞിരുന്നു. ക്രിസ്തുവിന്റെ വരവിൽ തെസലൊനിക്യയിലുള്ള വിശുദ്ധന്മാർ അവന്റെ സന്തോഷവും പ്രശംസാ കിരീടവും ആയിരിക്കും എന്ന് പൗലൊസ് പറഞ്ഞിട്ടുണ്ട് (1 തെസലൊനിക്യർ 2:19, 20). അവർ രക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലാണെന്ന് അവൻ തിരിച്ചറിയാതെ പൗലൊസിന് എങ്ങനെ അവർ അവന്റെ സന്തോഷമാകും? ഭൂമിയിൽ ജീവിച്ച എല്ലാ വിശുദ്ധന്മാരോടും തങ്ങളുടെ സ്നേഹിതരായിരുന്ന ഭൂമിയിലെ രക്ഷിക്കപ്പെട്ട എല്ലാ നീതിമാന്മാരും സ്വർഗത്തിൽ എന്നേക്കുമുള്ള കൂട്ടായ്മ അനുഭവിക്കും.

### ഉപസംഹാരം

നമ്മുടെ ഏറ്റവും വലിയ സ്വപ്നസാക്ഷാത്ക്കാരമായിരിക്കും മനോഹരമായ സ്വർഗം. യേശുവുള്ള ആത്മിയ ഗോളത്തിൽ പ്രവേശിക്കുക എന്നതാണ് നമ്മുടെ ഏറ്റവും വലിയ ആഗ്രഹം. മനോഹരമായ കൂട്ടായ്മ ലഭിക്കുന്ന, ഒരു പുതിയ ആത്മിയ നിലനിൽപിൽ ആയിരിക്കും നാം നിത്യത മുഴുവൻ. ഇനി അവിടെ ദുഃഖമോ, മരണമോ, മുറവിളിയോ ഉണ്ടാകുകയില്ല. അവിടെ എപ്പോഴും സന്തോഷവും, സമാധാനവും, ഭാഗ്യവുമായിരിക്കും ഉണ്ടാകുക.

---

കുറിപ്പുകൾ

[1]യോഹന്നാൻ 3:36; 5:24; 6:47, 54; 1 യോഹന്നാൻ 5:11, 13 നോക്കുക. [2]മത്തായി 19:29; മർക്കൊസ് 10:30; ലൂക്കൊസ് 18:30; യോഹന്നാൻ 10:28; റോമർ 2:7; 6:22; 1 തിമൊഥെയൊസ് 6:12. [3]യോഹന്നാൻ 14:3; 17:24; 2 കൊരിന്ത്യർ 5:6-8; ഫിലിപ്പിയർ 1:23; കൊലൊസ്യർ 3:4; 1 തെസലൊനിക്യർ 4:17 നോക്കുക. [4]പ്രവൃത്തികൾ 20:32; 26:18; എഫെസ്യർ 1:11, 14, 18; 5:5; കൊലൊസ്യർ 1:12; 3:24; എബ്രായർ 9:15; 1 പത്രൊസ് 1:4.

## വെളിപ്പാടിലെ 144,000 പേർ

144,000 പേർ മാത്രം സ്വർഗത്തിൽപോകയും ശേഷിച്ചവർ ഭൂമിയിലുള്ള പറുദീസയിലുമായിരിക്കുമോ? ഉയർന്ന ആലങ്കാരിക ഭാഷയിലുള്ള വെളിപ്പാടുപുസ്തകത്തിലെ 144,000 എന്ന സംഖ്യ അവർ അക്ഷരികമായി എടുക്കുന്നതുകൊണ്ട്, അവർ വിചാരിക്കുന്നത് "144,000" പേർ മാത്രമേ സ്വർഗത്തിൽ പോകു എന്നാണ്. എങ്ങനെയായാലും, ആ അക്ഷരികമായ കണക്കുകൂട്ടൽ പ്രശ്നമുണ്ടാക്കും:

(1) ദാൻ ഗോത്രമൊഴിച്ച്, യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയാണ്, അവിടെ 144,000 പേരുടെ ലിസ്റ്റായി എടുത്ത് പറഞ്ഞിരിക്കുന്നത് (വെളിപ്പാട് 7:4-8). അക്ഷരികമായി എടുത്താൽ അതിനർത്ഥം ജാതികളാരും സ്വർഗത്തിൽ പോകുകയില്ല എന്നു വരും.

(2) ആർക്കും എണ്ണിക്കൂടാത്ത ഒരു പുരുഷാരം സിംഹാസനത്തിനു മുൻപാകെ നില്ക്കുന്നതായി യോഹന്നാൻ കണ്ടു (വെളിപ്പാട് 7:9). സിംഹാസനം സ്വർഗത്തിലാണ്,[1] അതിനർത്ഥം, 144,000 പേർ മാത്രമല്ല സ്വർഗത്തിൽ, വലിയോരു പുരുഷാരവുമുണ്ട്.

(3) പ്രത്യാശ ഒന്നു മാത്രം (എഫെസ്യർ 4:4), വാഗ്ദാനം ചയ്ത അവകാശം ഒന്ന്, അതാണ് സ്വർഗം (കൊലൊസ്യർ 1:5; 1 പത്രൊസ് 1:3, 4). ചിലർക്ക് ഭൂമിയും, മറ്റു ചിലർക്ക് സ്വർഗവുമാണ് പ്രത്യാശയെങ്കിൽ, അപ്പോൾ പ്രത്യശ ഒന്നല്ല, രണ്ടാണെന്നു വരും.

(4) ക്രിസ്ത്യാനികളുടെ പൗരത്വം സ്വർഗത്തിലാണ് (ഫിലിപ്പിയർ 3:20). നാം സ്വർഗത്തിൽനിന്നും അകലെ ആയിരിക്കുമ്പോൾ, അന്യന്മാരും പരദേശികളുമാണ് (1 പത്രൊസ് 2:11). എവിടെയാണോ നമ്മുടെ പൗരത്വവും വീടും അവിടെയായിരിക്കും നാം താമസിക്കുക. അതുകൊണ്ട്, ഭൂമിയല്ല, സ്വർഗമാണ് എല്ലാ ക്രിസ്ത്യാനികളുടേയും നിത്യഭവനം

(5) താൻ ആയിരിക്കുന്നേടത്ത് നാമും ഇരിക്കേണ്ടതിന്ന് സ്ഥലം ഒരുക്കുവാനാണ് യേശു പോയത് (യോഹന്നാൻ 14:3). അവൻ സ്വർഗത്തിലേക്കാണ് പോയത് (1 പത്രൊസ് 3:22). അതുകൊണ്ട് നാം പോകുന്ന സ്ഥലം സ്വർഗമായിരിക്കും.

(6) കാണത്തക്ക പ്രതലമായതുകൊണ്ട്, ഭൂമി താൽക്കാലികമാണ്, നിത്യമല്ല (2 കൊരിന്ത്യർ 4:18). അതുകൊണ്ട്, അത് ഒഴിഞ്ഞുപോകും (മത്തായി 24:35). ഈ ഭൂമി വെന്തുപോകുമെന്നതിനാൽ (2 പത്രൊസ് 3:10), അത് നമ്മുടെ നിത്യഭവനമായിരിക്കയില്ല.

(7) നമ്മുടെ നിത്യഭവനം സ്വർഗമാണ് (2 കൊരിന്ത്യർ 5:1).

144,000 പേർ എന്ന് പറഞ്ഞിരിക്കുന്നത് ആലങ്കാരികമായി യേശുവിന്റെ സഭയെയാണ്, കാരണം അവരെ കുറിച്ച് പറഞ്ഞിരിക്കുന്നതെല്ലാം സഭയെ കുറിച്ച് പറഞ്ഞിരിക്കുന്നതാണ്. വാസ്തവത്തിൽ, സഭയെ കുറിച്ച് ഇതിലും നന്നായി വിവരിക്കുവാൻ സാധ്യമല്ല.

| 144,000 പേർ | വിവരണം | സഭ |
|---|---|---|
| വെളി 7:3 | ദൈവദാസന്മാർ | 1 പത്രൊസ് 2:16 |
| വെളി 7:4 | മുദ്രയിട്ടു | 2 കൊരി 1:22; എഫെ 1:13; 4:30 |

| | | |
|---|---|---|
| വെളി 7:4 | ദൈവത്തിന്റെ യിസ്രായേൽ | ഗലാ 6:16 |
| വെളി 14:1 | സിയോൻ മലയിൽ | എബ്രാ 12:22, 23 |
| വെളി 14:1 | പിതാവിൻനാമം ധരിക്കും | എഫെ 3:15; വെളി 3:12 |
| വെളി 14:1 | യേശുവിൻനാമം ധരിക്കും | യാ 2:7; പ്രവൃത്തി 11:26 |
| വെളി 14:3 | വിലയ്ക്ക് വാങ്ങി | പ്രവൃത്തി 20:28 |
| വെളി 14:4 | മലിനപ്പെടാത്തവർ | എഫെ 5:27 |
| വെളി 14:4 | കന്യകമാർ | 2 കൊരി 11:2 |
| വെളി 14:4 | കുഞ്ഞാടിനെപിൻപറ്റുന്നവർ | യോഹ 10:27; 1 പത്രൊ 2:21 |
| വെളി 14:4 | ആദ്യഫലങ്ങൾ | എബ്രാ 12:23; യാ 1:18 |
| വെളി 14:5 | വായിൽ ഭോഷ്കില്ലാത്തവർ | |

"*ആർക്കും എണ്ണിക്കൂടാത്ത ഒരു വലിയ പുരുഷാരം*" (വെളിപ്പാട് 7:9–17) *ഈ ജീവിതം വിട്ട എല്ലാ കാലത്തേയും വീണ്ടെടുക്കപ്പെട്ടവരെ പ്രതിനിധീകരിക്കുന്നവരായിരിക്കാം.* വെളിപ്പാടിൽ പറഞ്ഞിരിക്കുന്ന ഈ വലിയ പുരുഷാരമാണ് പുതിയ യെരുശലേമിൽ പ്രവേശിക്കുന്നത്: (1) അവരിൽ എല്ലാ ദേശക്കാരുമുണ്ട് (7:9; 21:24); (2) അവർ വെള്ള അങ്കി ധരിച്ചിരിക്കും (7:9; 19:14); (3) അവർ കുഞ്ഞാടിനോടുകൂടെ ആയിരിക്കും (7:9; 21:22; 22:1); (4) അവർ സിംഹാസനം ഉള്ള സ്ഥലത്തായിരിക്കും (7:9; 22:3); (5) അവർ രക്ഷിക്കപ്പെട്ടവരാണ് (7:10; 21:27); (6) അവർ കഴുകിയ അങ്കി ധരിക്കും (7:14; 19:8; 22:14); (7) അവർ അവനെ ശുശ്രൂഷിക്കും (7:15; 22:3); (8) അവർ ദൈവത്തിന്റെ മന്ദിരത്തിലായിരിക്കും, അതു ദൈവം തന്നെയായാരിക്കും (7:15; 21:22); (9) ദൈവം അവരോടുകൂടെ വസിക്കും (7:15; 21:3); (10) അവർക്ക് വിശക്കുകയില്ല (7:16; 22:2); (11) അവർക്ക് ദാഹിക്കയില്ല (7:16; 21:6; 22:1); (12) അവർക്ക് സൂര്യന്റെ ആവശ്യമില്ല (7:16; 21:23; 22:5); (13) അവർക്ക് ജീവജലം ഉണ്ട് (7:17; 21:6); (14) ദൈവം അവരുടെ കണ്ണിൽനിന്നു കണ്ണുനീരെല്ലാം തുടച്ചുകളയും (7:17; 21:4).

അക്ഷരികമായി 144,000 പേർക്ക് മാത്രമല്ല, യേശുവിനെ അനുസരിച്ച എല്ലാവർക്കും നിത്യത മുഴുവൻ അനുഭവിക്കാവുന്ന സ്വർഗീയമഹിമയുടെ പ്രത്യാശയുണ്ട്. സഭ. അതായത് രക്ഷിക്കപ്പെട്ട എല്ലാവരും (എഫെസ്യർ 5:25–27), ഭൂമിയിൽ രക്ഷിക്കപ്പെട്ടവർക്കെല്ലാം ഈ ഏക പ്രത്യാശ എന്ന നിത്യജീവൻ സ്വർഗത്തിലുണ്ട്.

---

കുറിപ്പ്

[1]വെളിപ്പാട് 1:4; 3:21; 4:2–10; 5:1, 6–13; 6:16; 7:9–17; 8:3; 12:5; 14:3; 16:17; 19:4, 5.